സാക്ഷരകേരളത്തിന്റെ ആദ്യാക്ഷരം
ദീപിക
THE FIRST MALAYALAM DAILY ESTD 1887

21 February 2022




എറണാകുളം കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ആലങ്ങാട് നടക്കുന്ന പൊട്ടുവെള്ളരിയുടെ പ്രദർശനകൃഷി.

## ചൂടിനെ പ്രതിരോധിക്കാൻ

# 'പൊട്ടുവെള്ളരി'യോളം വരില്ല മറ്റൊന്നും

### ജനകീയമാക്കാൻ കൃഷി വിജ്ഞാന കേന്ദ്രം

**കൊച്ചി:** വേനൽ കടുത്തതോടെ പഴവർഗങ്ങളുടെ വില്പനയിലും വർധന. ഉയർന്ന ചൂടിനെ തണുപ്പിക്കാൻ വിവിധതരം പഴവർഗങ്ങളുടെ ജ്യൂസുകളുമായി വഴിയോരങ്ങളിലടക്കം നിരവധിയാളുകളാണ് തമ്പടിച്ചിരിക്കുന്നത്. സംസ്ഥാനത്ത് വില്പന നടത്തുന്ന പഴവർഗങ്ങളിൽ ഭൂരിഭാഗവും എത്തുന്നത് അയൽ സംസ്ഥാനങ്ങളിൽ നിന്നാണെന്നിരിക്കെ ഏറെ ഗുണമേന്മയുള്ളതും നാട്ടിൻപുറങ്ങളിൽ കൃഷി ചെയ്ത് ഉത്പാദിപ്പിക്കുന്നതുമായ പൊട്ടുവെള്ളരിയെയും അവയുടെ ജ്യൂസിനെയും ജനകീയമാക്കാനൊരുങ്ങുകയാണ് എറണാകുളം കൃഷി വിജ്ഞാന കേന്ദ്രം (കെവികെ).

ജില്ലയിൽ തന്നെ കൃഷി ചെയ്യുന്നതുകൊണ്ടും പൂർണമായും ജൈവ വിളയാണെന്നതിനാലും വേനൽ ചൂടിനെ പ്രതിരോധിക്കാൻ പൊട്ടുവെള്ളരിയോളം വരില്ല മറ്റൊന്നും. ബീറ്റ കരോട്ടിൻ, ഫോളിക് ആസിഡ്, പൊട്ടാസിയം, വൈറ്റമിൻ സി എന്നിവയുടെ കലവറയാണ് പൊട്ടുവെള്ളരിയെന്നും കെവികെ വ്യക്തമാക്കുന്നു. ഈ നാടൻ വിഭവത്തിന്റെ ഗുണമേന്മയെക്കുറിച്ച് ബോധവത്കരണം നടത്താനും പൊട്ടുവെള്ളരിക്ക് പ്രചാരം നൽകാനും സിഎംഎഫ്ആർഐക്ക് കീഴിൽ പ്രവർത്തിക്കുന്ന കെവികെ മുന്നിട്ടിറങ്ങും. ഇതിന്റെ ഭാഗമായി, ആലങ്ങാട് ഗ്രാമപഞ്ചായത്തിലെ വിവിധ ഇടങ്ങളിൽ ഇത്തവണ കെവികെ നടത്തിയ പൊട്ടുവെള്ളരിയുടെ പ്രദർശന കൃഷിയുടെ വിളവെടുപ്പ് 24ന് ജനകീയ പങ്കാളിത്തത്തോടെ നടത്തും.

ആലങ്ങാട് കല്ലുപാലം നല്ലേലിപ്പടിയിലെ കർഷകൻ വർഗീസിന്റെ തോട്ടത്തിൽ നടക്കുന്ന വിളവെടുപ്പുത്സവത്തിൽ വിവിധ തരം പൊട്ടുവെള്ളരി ജ്യൂസുകൾ പരിചയപ്പെടുത്തും. ഒപ്പം ഇവയുടെ ജ്യൂസുകൾ തയാറാക്കാൻ വിദഗ്ധർ നയിക്കുന്ന ക്ലാസുകളുമുണ്ടാകും. പൊട്ടുവെള്ളരി കൃഷി ചെയ്യാൻ താത്പര്യമുള്ളവർക്ക് കെവികെ മാർഗനിർദേശങ്ങൾ നൽകും. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ: 9746469404. പ്രദർശന കൃഷി കാണാനും പൊട്ടുവെള്ളരി നേരിട്ട് വിളവെടുത്ത് ഉപയോഗിക്കാനും താല്പര്യമുള്ളവർക്ക് കെവികെയുടെ കർഷകരും ആലങ്ങാട് സ്വദേശികളുമായ വർഗീസ് (9961817827), മോഹനൻ (9072005651), ഗോപി ഏലൂർ (7736543952) എന്നിവരെ ബന്ധപ്പെടാം. ജില്ലയിലെ നെടുമ്പാശേരി, മാഞ്ഞാലി, കടുങ്ങല്ലൂർ, ആലങ്ങാട്, കരുമാല്ലൂർ പാടങ്ങളിൽ നെൽകൃഷിയ്ക്കു ശേഷം 600 ഏക്കറോളം സ്ഥലത്ത് പൊട്ടുവെള്ളരി കൃഷി ചെയ്യുന്നുണ്ട്.